LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ കൊല്ലങ്കോട്, നെന്മാറ, കൊടുവായൂർ, മുതലമട, എലവഞ്ചേരി, പല്ലശ്ശേന, വടവന്നൂർ, പുതുനഗരം എന്നീ ഗ്രാമപഞ്ചായത്തുകളാണ് മാലിന്യശേഖരം നടത്തുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മാലിന്യനിർമ്മാർജ്ജനം ലക്ഷ്യമിട്ടുകൊണ്ട് ഉറവിട മാലിന്യ സംസ്കരണ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കിവരുന്നത്. കേന്ദ്രീകൃത പ്ലാന്റുകളിൽ എത്തുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനായി വീടുകൾ തോറും വിന്റ്റോ കമ്പോസ്റ്റ് പ്ലാന്റുകൾ, ബയോ ഗ്യാസ് പ്ലാന്റുകൾ, വെർമി കമ്പോസ്റ്റ് പ്ലാന്റുകൾ, എന്നിവയും പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ, റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾ തുടങ്ങി വിവിധ തരത്തിലുള്ള ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ നടപ്പിലാക്കിവരുന്നു.

പഞ്ചായത്തുകളിൽ പുതുക്കിയ കെട്ടിട നികുതി

193 (7492) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നികുതി ഘടനയിൽ മാറ്റംവരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) മതസ്ഥാപനങ്ങൾക്കും ട്രസ്റ്റുകൾക്കും കീഴിലുള്ള സ്ഥാപനങ്ങൾക്ക് നികുതിയിളവ് നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇളവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വസ്തുനികുതി നിർണ്ണയിക്കുന്നതിൽ വാർഷിക വാടകമൂല്യം കണക്കാക്കുന്നതിന് പകരം തറവിസ്തീർണ്ണാടിസ്ഥാനത്തിൽ വസ്തുനികുതി പരിഷ്കരിക്കുന്നതിന് ഉദ്ദേശിച്ച് 2009-ൽ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ ഭേദഗതി ചെയ്യുകയുണ്ടായി. അതിനുശേഷം 2011-ൽ കേരളപഞ്ചായത്ത് രാജ് വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ വിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ്. വ്യത്യസ്ത ഉപയോഗത്തിലുള്ള കെട്ടിടങ്ങൾക്ക് ചുമത്തേണ്ട പരിഷ്കരിച്ച നികുതി നിരക്ക് നിശ്ചയിച്ച് 14-1-2011-ൽ സ.ഉ. (അ)നമ്പർ 19/11/തസ്വഭവ നമ്പർ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് 2013-ൽ ചട്ടങ്ങളിൽ ഭേദഗതി ഉണ്ടായി. അതനുസരിച്ച് വസ്തുനികുതി പരിഷ്കരണ നടപടികൾ ഗ്രാമപഞ്ചായത്തുകളിൽ പുരോഗമിച്ചുവരുന്നു.

(ബി) പൊതു ആരാധനയ്ക്കായി നീക്കിവച്ചിട്ടുള്ളതും യഥാർത്ഥത്തിൽ അപ്രകാരം ഉപയോഗിക്കുന്നതും അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങൾ, മതപാഠശാലകൾ എന്നിവയെ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 207(എ) വകുപ്പ് പ്രകാരവും അഗതികൾക്കോ

അനാഥകർക്കോ ശാരീരികമായോ മാനസികമായോ വെല്ലുവിളി നേരിടുന്നവർക്കോ മാരകരോഗികൾക്കോ മൃഗങ്ങൾക്കോ അഭയം നൽകുന്നതും ധർമ്മകാര്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതിനും എല്ലാ വിഭാഗം ജനങ്ങൾക്കും പ്രവേശനം നൽകുന്നതിനുമായ കെട്ടിടങ്ങൾ എന്നിവയെ 207 (ഡി) വകുപ്പ് പ്രകാരവും നികുതി ഉപനികുതി മുതലായവയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.

കെട്ടിട നികുതി പിരിച്ചെടുക്കൽ

194 (7493) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 100% കെട്ടിടനികുതി പിരിച്ചെടുത്ത ഗ്രാമപഞ്ചായത്തുകൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ ;

(ബി) എല്ലാ പഞ്ചായത്തുകളിലും കെട്ടിടനികുതി പൂർണ്ണമായും പിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കുമോ ;

(സി) കെട്ടിട നികുതി പിരിച്ചെടുക്കാത്ത പഞ്ചായത്തുകൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) അദാലത്തുകൾ സംഘടിപ്പിച്ച് കെട്ടിടനികുതി പിരിച്ചെടുക്കൽ ഊർജ്ജിതമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സ്വീകരിച്ചുവരുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) നികുതി പിരിവ് ത്വരിതപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അയയ്ക്കേണ്ട കെട്ടിട നികുതി കുടിശ്ശിക വരുത്തിയവർക്ക് പിഴപ്പലിശ ഒഴിവാക്കി കുടിശ്ശിക ഒറ്റത്തവണയായി അടയ്ക്കുന്നതിന് എല്ലാ സാമ്പത്തിക വർഷാവസാനവും അനുമതി നൽകാറുണ്ട്.

ക്ഷേമപെൻഷൻ വരുമാനപരിധി വെട്ടിച്ചുരുക്കൽ

195 (7494) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീമതി ഇ. എസ് ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷേമപെൻഷനുകൾക്കുള്ള ഉയർന്ന വരുമാനപരിധി എത്ര ആയിരുന്നു ; ഈ വരുമാനപരിധി വെട്ടിച്ചുരുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വരുമാനപരിധി എത്രയാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly